**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റായിരുന്ന ശ്രീ.എം.കെ.ഭാസ്കരന്റെ അനധികൃത ഹാജരില്ലായ്മ കാലയളവ് ശൂന്യവേതനാവധിയായി ക്രമവൽകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ(സാധാ) നം. 1255/ 2019/ ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം, 19/ 06/ 2019.**

പരാമർശം: 1) ശ്രീ.എം.കെ.ഭാസ്കരൻ സമർപ്പിച്ച ശൂന്യവേതനാവധി അപേക്ഷ

2) പഞ്ചായത്ത് ഡയറക്ടറുടെ 08.03.2017, 07.03.2019 തീയതികളിലെ ഇ 10-36389/ 16 നമ്പർ കത്തുകൾ.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമ പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റായിരുന്ന ശ്രീ.എം.കെ.ഭാസ്കരൻ ടിയാന്റെ 25.10.2012 മുതൽ 22.07.2014 വരെയുള്ള അനധികൃത ഹാജരില്ലായ്മ ശൂന്യവേതനാവധിയായി ക്രമവല്ക്കരിക്കുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷയും അനുബന്ധ രേഖകളും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു. 25.10.2012 മുതൽ 22.07.2014 വരെയുള്ള അനധികൃത ഹാജരില്ലായ്മ കാലയളവിൽ ശ്രീ.എം.കെ.ഭാസ്കരൻ വിദേശത്ത് പോവുകയോ മറ്റ് ജോലികളിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ലെന്നുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിരുന്നു. ശ്രീ. എം. കെ. ഭാസ്കരന്റെ 25/07/2012 മുതൽ 24/10/2012 വരെയുള്ള കാലയളവിലെ 88 ദിവസത്തെ അനധികൃത ഹാജരില്ലായ്മ അർഹതപ്പെട്ട അവധിയായി ക്രമീകരിച്ചിരിക്കുന്നതായി ടിയാന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ശ്രീ. എം. കെ. ഭാസ്കരൻ 31/05/2017 ൽ സേവനത്തിൽ നിന്ന് വിരമിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമ പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റായിരുന്ന ശ്രീ.എം.കെ.ഭാസ്കരൻ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന 25/10/2012 മുതൽ 22/07/2014 വരെ, പ്രസ്തുത കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ 25/07/2012 മുതൽ 24/10/2012 വരെയുള്ള കാലയളവിലെ 88 ദിവസത്തെ അനധികൃത ഹാജരില്ലായ്മ അതത് ദിവസങ്ങളിൽ ടിയാന്റെ ക്രെഡിറ്റിലുണ്ടായിരുന്ന അർഹതപ്പെട്ട അവധിയായാണ് ക്രമപ്പെടുത്തിയിട്ടുള്ളതെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും ഓഫീസ് മേലധികാരിയും ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ.എം.കെ.ഭാസ്കരൻ, ഓഫീസ് അറ്റൻഡന്റ്(റിട്ടയേർഡ്), നാറാണംമൂഴി ഗ്രാമ പഞ്ചായത്ത്, പത്തനംതിട്ട ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (സേവനപുസ്തകം സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, നാറാണംമൂഴി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്(30/ 04/ 2019 ലെ റൂൾസ്-ബി2/ 109/ 2017- ഫിൻ പ്രകാരം)
ഡയറക്ടർ ഐ.കെ.എം ( തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)
ഓഫീസ് പകർപ്പ് (ഇപിഎ 2/ 26/ 2017/ തസ്വഭവ)/ കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ